(ഡി) ഗവൺമെന്റ് മെഡിക്കൽ കോളേജ് ലാബറട്ടറികളിൽ ഈ ടെസ്റ്റുകൾക്ക് ഉയർന്ന ഫീസ് നിശ്ചയിക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ന്യൂക്ലിയർ മെഡിസിൻ വകുപ്പ് പ്രവർത്തിക്കുന്നുണ്ട്.

(ബി) വിവിധ ടെസ്റ്റുകൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് അനുബന്ധമായി ചേർക്കുന്നു.†

(സി) സ്വകാര്യ ലാബുകൾ ചുമത്തുന്ന ഫീസ് വിവരം സർക്കാരിൽ ലഭ്യമല്ല.

(ഡി) വിവിധ ടെസ്റ്റുകൾക്ക് ആവശ്യമായിവരുന്ന ചെലവുകൾ, അനുസരിച്ചുള്ള ഫീസാണ് നിശ്ചയിച്ചിരിക്കുന്നത്. പ്രസ്തുത ഫീസുകൾ ഉയർന്ന നിരക്കിലാണെന്ന അഭിപ്രായമില്ല.

പേയിംഗ് കൗണ്ടറുകളുടെ വരവുചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് നടപടി

* 8 [859] ശ്രീ. എ. പി. അനിൽകുമാർ:
„ എ. കെ. മണി:
„ എം. എ. ചന്ദ്രശേഖരൻ:
„ എം. കെ. പോൾസൻ മാസ്റ്റർ:
„ വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം മെഡിക്കൽ കോളേജ് ആശുപത്രികളോട് അനുബന്ധിച്ച് പേയിംഗ് കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ കൗണ്ടറുകളുടെ കണക്കുകൾ യഥാസമയം ഓഡിറ്റ് ചെയ്യാറുണ്ടോ;

(സി) ഉണ്ടെങ്കിൽ ആരാണ് ഓഡിറ്റ് ചെയ്യുന്നത്;

(ഡി) പ്രസ്തുത കൗണ്ടറുകളിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ കെട്ടിക്കിടപ്പുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തു വിലക്കുള്ള മരുന്നുകളാണ് കെട്ടിക്കിടപ്പുള്ളത്;

(എഫ്) ഇപ്രകാരം ഇത്രയധികം വിലവരുന്നതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ കെട്ടിക്കിടക്കാനിടയായ സാഹചര്യം പറയാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) കാലാവധി കഴിഞ്ഞ മരുന്നുകളുടെ വിവരം അവ സപ്ലൈ ചെയ്ത കമ്പനികളെ ഏതുകാലാവധിക്കുള്ളിൽ അറിയിച്ചാലാണ് അതിന്റെ വില തിരിച്ചുകിട്ടുന്നത്;

(എച്ച്) ഇപ്രകാരം കാലാവധി കഴിഞ്ഞ മരുന്നുകളുടെ വിവരം ബന്ധപ്പെട്ട കമ്പനിക്കാരെ യഥാസമയം അറിയിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഐ) അറിയിച്ചുവെങ്കിൽ എന്തുതുക റീഫണ്ട് ചെയ്ത് കിട്ടി;

(ജെ) അറിയിക്കാത്തപക്ഷം വീഴ്ചവരുത്തിയവരുടെ മേൽ നടപടിയെടുക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(കെ) ഈ പേയിംഗ് കൗണ്ടറുകളുടെ വരവുചെലവ് കണക്കുകൾ എ. ജി.-യെ കൊണ്ട് ആഡിറ്റ് ചെയ്യിക്കുവാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളോടനുബന്ധിച്ചും പേയിംഗ് കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് വിഭാഗം, ഡി.എം. ഇ.-യുടെ ഇന്റേണൽ ആഡിറ്റ് വിഭാഗം, ചാർട്ടേഡ് അക്കൗണ്ടന്റുമാർ എന്നിവർ ഓഡിറ്റ് ചെയ്യാറുണ്ട്.

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പേയിംഗ് കൗണ്ടറിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ കെട്ടിക്കിടപ്പുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഒരു കോടി രൂപയുടെ മരുന്നുകൾ കെട്ടിക്കിടപ്പുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(എഫ്) കാലാവധി കഴിഞ്ഞ മരുന്നുകൾ കെട്ടിക്കിടക്കാനിടയായ സാഹചര്യം സംബന്ധിച്ച് അന്വേഷിക്കുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കേ വിശദ വിവരങ്ങൾ ലഭ്യമാവുകയുള്ളൂ.

(ജി) മരുന്നുകൾക്ക് നിശ്ചയിച്ചിട്ടുള്ള ലൈഫ്ടൈം തീരുന്നതിന് ഒരു മാസം മുമ്പായി മരുന്നുകളുടെ വിവരം സപ്ലൈ ചെയ്ത കമ്പനികളെ അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മരുന്നുകളുടെ വില തിരിച്ചു നൽകുകയും ചെയ്യാറുണ്ട്.

(എച്ച്) കാലാവധി കഴിഞ്ഞ മരുന്നുകൾ കെട്ടിക്കിടക്കാനിടയായ സാഹചര്യങ്ങൾ അന്വേഷിക്കുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാവുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ചോദ്യം ഉദിക്കുന്നില്ല.

(ജെ) (എച്ച്) വിഭാഗത്തിന്റെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(കെ) പേയിംഗ് കൗണ്ടറിലെ വരവുചെലവ് കണക്കുകൾ എ.ജി.-യും ഓഡിറ്റ് ചെയ്യുന്നുണ്ട്.

ജനന സർട്ടിഫിക്കറ്റിലെ പിശകുകൾ തിരുത്തുന്നതിനുള്ള നടപടിക്രമം

* 9 [860] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, ടി. പി. എം. സാഹിർ:
,, കളത്തിൽ അബ്ദുള്ള:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുകൾ എന്നീ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ജനന സർട്ടിഫിക്കറ്റുകളിൽ പേരിലും ജനന തീയതി മുതലായവകളിലും കടന്നുകൂടുന്ന പിശകുകൾ തിരുത്തുന്നതിന് നിലവിലുള്ള നടപടിക്രമം എന്താണ്;

(ബി) ഈ നടപടിക്രമം സാധാരണ ജനങ്ങൾക്ക് അപ്രാപ്യമായതിനാലുള്ള പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിനായി ആറുവയസ്സുവരെയുള്ള കുട്ടികളുടെ ജനന സർട്ടിഫിക്കറ്റിൽ കടന്നുകൂടുന്നതായിട്ടുള്ള പിശകുകൾ തിരുത്തി കിട്ടുന്നതിന് കുട്ടിയുടെ മാതാപിതാക്കൾ ഒരുമിച്ച് അപേക്ഷിച്ചാൽ തിരുത്തൽ വരുത്തി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർക്ക് നൽകി, ഒരാഴ്ചക്കുള്ളിൽ സർട്ടിഫിക്കറ്റ് തിരുത്തി നൽകുന്നതിനുള്ള നടപടിക്രമം സ്വീകരിക്കുമോ;

(ഡി) ഇപ്പോൾ ഈ നിർദ്ദിഷ്ട നടപടിക്രമം ഇല്ലാത്തതുകൊണ്ട് കുട്ടികളുടെ സ്കൂൾ പ്രവേശനത്തിനും മറ്റും മാതാപിതാക്കൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ച് ഇതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) ജനന സർട്ടിഫിക്കറ്റുകളിൽ പേരിലും ജനനത്തീയതി മുതലായവയിലും കടന്നുകൂടുന്ന പിശകുകൾ തിരുത്തുന്നതിന് സംവിധാനം നിലവിലുണ്ട്. ഇതനുസരിച്ച് തിരുത്തലുകൾ വരുത്തുന്നതിനായി മാതാപിതാക്കളുടെ സംയുക്താപേക്ഷയും യഥാർത്ഥ വിവരം തെളിയിക്കുന്നതിനാവശ്യമായ ആധികാരിക രേഖകളും ഹാജരാക്കേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly